# Phone call between Prime Minister Shri Narendra Modi and H.E. SUGA Yoshihide, Prime Minister of Japan

September 25, 2020

---

# പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയും ജപ്പാൻ പ്രധാനമന്ത്രി ശ്രീ സുഗ യോഷിഹിഡെയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

സെപ്റ്റംബർ 25, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ജപ്പാൻ പ്രധാനമന്ത്രി സുഗ യോഷിഹിഡെയുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

ജപ്പാന്റെ പ്രധാനമന്ത്രി പദവി ഏറ്റെടുത്തതിൽ പ്രധാനമന്ത്രി ശ്രീ സുഗയെ പ്രധാനമന്ത്രി നരേന്ദ്ര മോഡി അഭിനന്ദിക്കുകയും അദ്ദേഹത്തിന്റെ ലക്ഷ്യങ്ങൾക്കായി വിജയമാശംസിക്കുകയും ചെയ്തു.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇന്ത്യ-ജപ്പാൻ നയതന്ത്ര & ആഗോള പങ്കാളിത്തം വളരെ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നു ഇരു നേതാക്കളും അനുകൂലിച്ചു കൂടാതെ പരസ്പര വിശ്വാസ്യതയും പങ്കു വയ്ക്കുന്ന മൂല്യങ്ങളും അടിസ്ഥാനമാക്കി ഈ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനു ലക്ഷ്യമിടുന്നതായും അറിയിച്ചു.

കോവിഡ്-19 പകർച്ചവ്യാധിയുൾപ്പടെയുള്ള ആഗോള വെല്ലുവിളികളുടെ ഇന്നത്തെ അവസ്ഥയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം കൂടുതൽ പ്രാധാന്യമർഹിക്കുന്നതാണെന്നും ഇരു നേതാക്കളും അറിയിച്ചു. സ്വതന്ത്രവും സുതാര്യവും സമഗ്രവുമായ ഇൻഡോ പസഫിക് പ്രവിശ്യയുടെ സമ്പദ്ഘടന , പുനഃസ്ഥാപിക്കപ്പെടുന്ന വിതരണ ശൃംഖലകളിൽ അടിസ്ഥാനമാക്കിയായിരിക്കണം എന്ന് അവർ ഊന്നിപ്പറഞ്ഞു കൂടാതെ ഈ പശ്ചാത്തലത്തിൽ ഇന്ത്യ ,ജപ്പാൻ കൂടാതെ സമാന മനസ്ഥിതിയുള്ള രാജ്യങ്ങളുടെ സഹകരണം സ്വാഗതം ചെയ്യുകയും ചെയ്തു.

ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക പങ്കത്തിത്തത്തിൽ കൈവരിച്ച പുരോഗതിയിൽ നേതാക്കൾ അഭിനന്ദനം അറിയിച്ചു, കൂടാതെ ഈ പശ്ചാത്തലത്തിൽ പ്രത്യേക കഴിവുകൾ ഉള്ള തൊഴിലാളികൾക്കായുള്ള അന്തിമമായ ഉടമ്പടി സ്വാഗതം ചെയ്യുകയും ചെയ്തു.

കോവിഡ്-19 പകർച്ചവ്യാധി മൂലമുള്ള ആഗോള സാഹചര്യം മെച്ചപ്പെട്ടതിനു ശേഷം വാർഷിക ഉഭയകക്ഷി ഉച്ചകോടിയ്ക്കായി ഇന്ത്യ സന്ദർശിക്കാൻ പ്രധാനമന്ത്രി മോഡി പ്രധാനമന്ത്രി സുഗയെ ക്ഷണിക്കുകയുണ്ടായി.

**ന്യൂ ഡൽഹി**
**25 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.